ഭരണഭാഷ-മാതൃഭാഷ

നമ്പർ.400255/BABC02/General/2024/3395/(4)

ആര്യങ്കോട് ഗ്രാമ പഞ്ചായത്ത് ആഫീസ്

കീഴാറൂർ
ഒറ്റശേഖരമംഗലം.പി.ഓ
തിരുവനന്തപുരം
Phone No:04712255226
E-mail:aryancodegp@gmail.com

തീയതി : 13/12/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീ ആൻറണി സേവ്യർ ഡി
ദേവസഹായം, പുതുവൽപുത്തൻവീട് പശുവണ്ണറ, കീഴാറൂർ പി ഒ, തിരുവനന്തപുരം-695124

സർ,

വിഷയം:- ആര്യങ്കോട് ഗ്രാമപഞ്ചായത്ത്- കെട്ടിട നിർമ്മാണം ഒക്കുപ്പൻസി/കെട്ടിട നമ്പർ എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന:- താങ്കളുടെ 15/11/2024 തീയതിയിലെ അപേക്ഷ.

സൂചന അപേക്ഷ പരിഗണനയിലാണ്. താങ്കൾ നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്ന കെട്ടിടത്തിന് സമീപത്തായി പാറ ഖനനത്തിനായി ലൈസൻസ് ലഭിക്കുന്നതിന് ശ്രീ.ഉണ്ണികൃഷ്ണൻ, തിരുവാതിര, പെരുങ്കടവിള പി ഒ എന്നയാൾ ബഹു.ജില്ലാ കളക്ടറുടെ നിരാക്ഷേപ സാക്ഷ്യപത്രം സഹിതം അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ ടി ക്വാറിയും താങ്കളുടെ നിർമ്മാണവും തമ്മിൽ മതിയായ ദൂരപരിധി പാലിക്കുന്നുണ്ടോയെന്നും താങ്കൾക്ക് ഒക്കുപൻസി അനുവദിക്കാവുന്നതാണോയെന്നും ബഹു ജില്ലാകളക്ടറോട് സ്പഷ്ടീകരണത്തിനായി അപേക്ഷിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് താങ്കളുടെ അപേക്ഷ പരിഗണിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പ്രമീള എസ് ആർ

ജൂനിയർ സൂപ്രണ്ട്

Document certified by Prameela S R
<prameelasr81@gmail.com>.

Digitally signed by Prameela S R
Date: 2024.12.13 12:57:02 IST
Reason: ILGMS Govt. of Kerala

ARYANCODE GRAMA PANCHAYAT
Ottasekharamangalam P O

# ആര്യങ്കോട് ഗ്രാമപഞ്ചായത്ത്

ഒറ്റശേഖരമംഗലം പി ഒ, ഫോൺ :04712255226, ഇ : മെയിൽ-aryancodegp@gmail.com

---

No.G3241101930 Date:-13.12.2024

പ്രേഷിതൻ

സെക്രട്ടറി

ആര്യങ്കോട് ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ബഹു.ജോയിന്റ് ഡയറക്ടർ
തിരുവനന്തപുരം

സർ

വിഷയം – ആര്യങ്കോട് ഗ്രാമപഞ്ചായത്ത് - സ്ഥിരം അദാലത്ത് - മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന - ശ്രീ.കുശലകുമാരൻ നായറുടെ BPTVPM50286000025 നമ്പർ പരാതി.

മേൽ വിഷയം സംബന്ധിച്ച് ശ്രീ.കുശലകുമാരൻ, കൃഷ്ണവിലാസം, ഒറ്റശേഖരമംഗലം പി.ഒ എന്നയാൾ ഇടവാൽ വാർഡിൽ 4/531-ാംം നമ്പർ കെട്ടിടത്തിനോട് ചേർന്ന് വാണജ്യാവശ്യത്തിന് നിർമ്മിച്ച കെട്ടിടത്തിന് നമ്പറിംഗിനായി SC3-335/2024 നമ്പരായി പഞ്ചായത്തിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എൽ.എസ്.ജി.ഡി പരിശോധനയിൽ അപാകതകൾ ഉള്ളതായി റിപ്പോർട്ട് ചെയ്തതിനെതുടർന്ന് ടിയാന് അപാകതകൾ പരിഹരിക്കുന്നതിന് കത്ത് നൽകുകയും അപാകതകൾ പരിഹരിച്ചതിനാൽ കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (അനുവദിച്ച കെട്ടിട നമ്പരുകൾ 4/531C, 4/531D, 4/531E, 4/531F) . ടി വിവരം അങ്ങയുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

ARYANCODE GRAMA PANCHAYATH OTTASEKHARAMANGALAM.P.O

SECRETARY
ARYANCODE GRAMA PANCHAYATH